1955 ആഗസ്റ്റ് 12-ാംതീ- ഒരു നോട്ടിഫിക്കേഷൻ ഇതിനെ സംബന്ധിച്ച് കൊടുത്തിട്ടുണ്ട്. സെക്കൻഡറി എഡ്യൂക്കേഷൻ കമ്മിഷന്റെ പ്രൊപ്പോസൽ അനുസരിച്ച് പാഠപദ്ധതിക്രമത്തിൽ കാര്യമായ ചില വ്യത്യാസങ്ങൾ ഉണ്ടാകും. അതിനുശേഷം മാത്രമേ സ്കൂൾ അനുവദിക്കുകയുള്ളൂ.

ഗാന്ധിസ്മാരകത്തിന്റെ പണി.

* 83. [35] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്യാകുമാരിയിലെ ഗാന്ധിസ്മാരകത്തിന്റെ പണിക്ക് ഇതുവരെ എത്ര രൂപ ചെലവുണ്ട് ;

(ബി) എന്തുകൊണ്ടാണ് കുറെ ദിവസങ്ങൾ പ്രസ്തുത പണി നിറുത്തിവച്ചിരുന്നത് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. എ. വേലായുധൻ) :

(എ) 1956 ജനുവരി അവസാനംവരെ ചെലവ് 1,04,122 രൂ. 13 ണ. 10 സ.

(ബി) ചില മാറ്റങ്ങൾ വരുത്തുന്നതിനെസംബന്ധിച്ച് ആലോചിക്കേണ്ടിവന്നതിനാൽ പണി തുടരുവാൻ സാധിച്ചില്ല.

Libraries.

* 84. [36] SHRI V. V. SEBASTIAN : Will the chief Minister be pleased to state :

(a) how many libraries are there in the state receiving grants from the Government ;

(b) what is the total amount of grant paid to them in 1954-55 ;

(c) what are the conditions stipulated for a library to become entitled to grand ; and

(d) is there any prohibition against the giving of grants by panchayats to libraries who do not conform to the above standard ?

Chief Minister (SHRI PANAMPILLI GOVINDA MENON) :

(a) 1241 libraries.

(b) In the year 1954-55 an amount of Rs. 1,70,415 was given as grant.

(c) The conditions stipulated for a library to become entitled to grant are the following:—

1. There should be a minimum stock of 600 books and a membership of 50 on the rolls of the library.

LIBRARY ARCHIVES Kerala Legislative Assembly

2. There should be a minimum number of 3 Malayalam Dailies and two Weeklies and one Magazine.

3. There should be furniture sufficient for stocking books as also for the reading section.

4. There should be sufficient support from the public of the locality where the library is situated.

(d) There is no prohibition against giving of grants by Panchayats to libraries which do not conform to the above standard. But all the Panchayats have been advised by the Director of Local Bodies to consult the Travancore-Cochin Granthasala Sangam before grants are paid to the libraries in their jurisdiction.

ശ്രീ. വി. വി. സെബാസ്റ്റ്യൻ: പഞ്ചായത്തുകളിൽനിന്നും ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണ് ഞാൻ പറഞ്ഞത്. സർക്കാരിൽനിന്നും ചില ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുക്കുന്നുണ്ട്. അതു് അപ്രൂവ്ചെയ്ത ലൈബ്രറികൾക്കാണ്. അതുകൊണ്ട് പുതിയ കോഅർഡിനേഷൻ ഇല്ലാത്ത ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുക്കുകയാണെങ്കിൽ ഇവിടെ അഡ്മിനിസ്ട്രേഷനിൽ വിഷമമുണ്ടാകും. അതുകൊണ്ട് ലോക്കൽബോഡീസ് ഡയറക്ടരോട് ഗ്രന്ഥശാലാസംഘവുമായി കൺസൾട്ടുചെയ്ത് ഗ്രാൻറ്കൊടുക്കണമെന്നു് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. സി. എബ്രഹാം: ഗ്രാൻറ ലഭിക്കത്തക്ക ലൈബ്രറികൾ പഞ്ചായത്തിലുണ്ടെങ്കിൽ അതിനു് പഞ്ചായത്തിൽനിന്നു് ഗ്രാൻറ കൊടുത്തുകൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നന്നായിരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. കെ. സി. എബ്രഹാം: പഞ്ചായത്തിൽനിന്നു് ഗ്രാൻറ് കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആലോചിക്കാവുന്നതാണു്.

പട്ടികജാതി സ്കൂൾ പണ്ഡിറ്റുകൾ.

* 85 [37] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ പട്ടികജാതിക്കാരായ എത്ര ഹൈസ്കൂൾ പണ്ഡിറ്റുകളും, എത്ര മിഡിൽസ്കൂൾ പണ്ഡിറ്റുകളും ഉണ്ടു്;

(ബി) ഹൈസ്കൂൾ പണ്ഡിറ്റുകൾക്കും മിഡിൽസ്കൂൾ പണ്ഡിറ്റുകൾക്കും യഥാക്രമം നൽകുന്ന ശമ്പളസ്കെയിൽ എന്തു്;

LIBRARY ARCHIVES Kerala Legislative Assembly